"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 6-ൽ നിഷ്കർഷിക്കുന്ന പ്രകാരം ചുമതലപ്പെടുത്തിയ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയേഴ്സിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/POWER  തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 30.05.2022, 09.09.2024 തീയതികളിലെ സി.ഇ.ഐ./14401/2020-ബി2 , 15.10.2024-ലെ സി.ഇ.ഐ./11389/2023-ബി2 നമ്പർ കത്തുകൾ.
3. സ.ഉ.(കൈ.) 4/2024/പവർ തീയതി: 13.09.2024.

**ഉത്തരവ്**

ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ സെക്ഷൻ 180(2) (ഒ)യും, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6-ഉം അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ / ഉപഭോക്താക്കൾ / സപ്ലൈയർ എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരെ ചുമതലപ്പെടുത്തിയും ടി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉടൻ പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം 3) പ്രകാരം ഉത്തരവായിരുന്നു.

2) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6-ൽ നിഷ്കർഷിക്കുന്ന പ്രകാരം ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ് പരിശോധിക്കുന്നതിനായുള്ള ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ / ഉപഭോക്താക്കൾ / സപ്ലൈയർ

എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് സാങ്കേതിക സഹായം നൽകുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ പരാമർശം 3 പ്രകാരം ചുമതലപ്പെടുത്തിയ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച് ഇതോടൊപ്പം ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

ധനകാര്യവും നിയമവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

എല്ലാ സർക്കാർ വകുപ്പ് / സ്ഥാപന മേധാവികൾക്കും.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

~~സെക്ഷൻ ഓഫീസർ~~
ജോയിന്റ് സെക്രട്ടറി

പ്രീതി സി എസ്
പെൻ: 101031
ജോയിന്റ് സെക്രട്ടറി
ഊർജ്ജ വകുപ്പ്
ഗവ : സെക്രട്ടേറിയറ്റ്
തിരുവനന്തപുരം